## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2881** **06.11.2019-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 28.10.2019 തീയതി വരെ 4,63,415 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 30.09.2019 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 55,517 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) കേരളത്തിൽ വച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനായി എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഭൗതിക ശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ അല്ലെങ്കിൽ പരമാവധി 50,000/- രൂപയോ ഏതാണ് കുറവ് അത് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും നൽകി വരുന്നു. മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -II പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ജില്ലാ ലേബർ |

ഓഫീസർ (എൻഫോഴ്സ്മെന്റ്) മേൽ തുക അനുവദിക്കുന്നത്. ഇപ്രകാരം ചെലവഴിക്കുന്ന തുക ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും യഥാസമയം വീണ്ടെടുത്തു വരുന്നു.

| | | | |
|---|---|---|---|
| (സി) | തൊഴിലാളി ക്ഷേമ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (സി) | റിവോൾവിംഗ് ഫണ്ട് 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ വിവിധ ജില്ലകൾക്ക് വ്യത്യസ്തമായ നിരക്കിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ ഫണ്ട് എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ടോ എന്നും ഫണ്ട് വിനിയോഗിച്ചതും ഇല്ലാത്തതുമായ ജില്ലകൾ ഏതാണെന്ന് വ്യക്തമാക്കാമോ; ഫണ്ടിന്റെ അപര്യാപ്തതമൂലം ഏതെങ്കിലും ജില്ലയിൽ ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാൻപറ്റാത്ത സ്ഥിതിയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ഡി) | എല്ലാ ജില്ലകൾക്കും റിവോൾവിംഗ് ഫണ്ട് ഇനത്തിലുള്ള തുക അനുവദിച്ചിട്ടുള്ളതാണ്. ആയത് എല്ലാ ജില്ലാ ലേബർ ഓഫീസുകളും വിനിയോഗിച്ചുവരുന്നു. ഈ ഇനത്തിൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിട്ടില്ല |
| (ഇ) | അടുത്തകാലത്ത് റിവോൾവിംഗ് ഫണ്ടിന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് ഏതെല്ലാം ജില്ലയ്ക്ക് എത്ര രൂപ വീതമാണ് ഇപ്പോൾ ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ഇ) | രണ്ട് ലക്ഷം രൂപയായിരുന്ന റിവോൾവിംഗ് ഫണ്ട് 14.08.2019 ലെ സ.ഉ.(സാധാ) നം.983/ 2019/തൊഴിൽ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാലുലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്നു ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചുകൊണ്ടും ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകൾക്ക് രണ്ടുലക്ഷം രൂപയായി നിലനിർത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ (28.10.2019 വരെ) | കേരള കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 53715 | 1930 |
| 2 | കൊല്ലം | 23235 | 985 |
| 3 | പത്തനംതിട്ട | 22538 | 2295 |
| 4 | ആലപ്പുഴ | 35066 | 2264 |
| 5 | കോട്ടയം | 30106 | 4167 |
| 6 | ഇടുക്കി | 17070 | 1235 |
| 7 | എറണാകുളം | 100912 | 9577 |
| 8 | തൃശ്ശൂർ | 37619 | 3906 |
| 9 | പാലക്കാട് | 22643 | 3351 |
| 10 | മലപ്പുറം | 27449 | 2667 |
| 11 | കോഴിക്കോട് | 40811 | 5345 |
| 12 | വയനാട് | 10571 | 7181 |
| 13 | കണ്ണൂർ | 27412 | 6168 |
| 14 | കാസർഗോഡ് | 14268 | 4446 |
| | **ആകെ** | **463415** | **55517** |

സെക്ഷൻ ഓഫീസർ.